ബൈജു കൃഷ്ണൻ
ഡയറക്ടർ
(PEN No: 427293)

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം.
E-mail: dir-fib.for@kerala.gov.in
fibnews@gmail.com
Ph. 0471-2529144
Mob: 9447979200

No. KFDHQ/ 6512 /2026/FIB/FIB-1 Dated 01.08.2026

ഓണാഘോഷം-2026

താൽപര്യപത്രം

ഈ വർഷത്തെ ഓണം വാരാഘോഷ സമാപനത്തിന്റെ ഭാഗമായി കേരള സർക്കാർ സംഘടിപ്പിക്കുന്ന ഘോഷയാത്രയിൽ ഫ്ളോട്ട് അവതരിപ്പിക്കുന്നതിന് താൽപര്യപത്രം ക്ഷണിക്കുന്നു. **പുതുയുഗ കേരളം** ..... എന്നതാണ് വിഷയം. താൽപര്യമുള്ള ആർട്ടിസ്റ്റുകൾ/ സ്ഥാപനങ്ങൾ തന്നിരിക്കുന്ന വിഷയത്തിൽ വനം വകുപ്പ് സംബന്ധിച്ച 3-ൽ കുറയാത്ത ഡിസൈനുകൾ, ആശയ വിവരണം, ഉപയോഗിക്കുന്ന വസ്തുക്കൾ, പ്രതീക്ഷിത ചെലവ് എന്നിവ സഹിതം താത്പര്യപത്രം സമർപ്പിക്കുക. മുൻപരിചയം,സാങ്കേതിക പരിചയം, എന്നിവ വ്യക്തമാക്കുന്ന പൂർണ്ണ ബയോഡേറ്റ/ സ്ഥാപനത്തിന്റെ പ്രൊഫൈൽ എന്നിവ ഉൾകൊള്ളിച്ചിരിക്കണം. അവസാന തീയതി ആഗസ്റ്റ് 10. വനം വകുപ്പ് ആസ്ഥാനത്ത് 07.08.2026-ന് ഉച്ചയ്ക്ക് 2.30 മണിക്ക് ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിൽ വച്ച് വനം വകുപ്പിന്റെ ഫ്ളോട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട വിശദീകരണ യോഗം നടത്തുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളുടെ അംഗീകൃത പ്രതിനിധികൾ ടി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

നിർദ്ദേശങ്ങളും നിബന്ധനകളും

ആശയങ്ങൾ ഒറ്റനോട്ടത്തിൽ തന്നെ കാണികളിലേക്ക് സംവേദനം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കും വിധം ഫ്ളോട്ടുകൾ ചിത്രീകരിക്കണം.

വിവാദ വിഷയങ്ങളും, ജനമനസ്സുകളിൽ ഏതെങ്കിലും തരത്തിലുള്ള വിഭാഗീയത സൃഷ്ടിക്കുന്നവയും ഫ്ളോട്ടിന്റെ ആഖ്യാനത്തിൽ ഉണ്ടാകാൻ പാടില്ല.

ഫ്ളോട്ടിന്റെ നീളം 20 അടി, റോഡിൽ നിന്നും ഉയരം 16 അടി, വീതി 10 അടി എന്ന ക്രമത്തിൽ കവിയരുത്.

അപകടകരമായ വസ്തുക്കൾ, സ്ഫോടക വസ്തുക്കൾ എന്നിവ ഫ്ളോട്ടുകളിൽ ഉപയോഗിക്കാൻ പാടില്ല.

ഫ്ളോട്ടുകളിൽ ഫയർ എക്സിറ്റിഗ്യൂഷർ ഉണ്ടായിരിക്കണം.

സർക്കാർ നിബന്ധനകളുടെയും നിയമങ്ങളുടെയും നയങ്ങളുടെയും ലംഘനം കണ്ടെത്തിയാൽ ഘോഷയാത്രയുടെ ഏതു ഘട്ടത്തിലും അവതരണത്തിൽ നിന്നും ഫ്ളോട്ടുകളെ പിൻവലിക്കുവാനും നിയമപരമായ നടപടിക്ക് ശുപാർശ ചെയ്യുവാനും ഘോഷയാത്രാ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുവേണം ഫ്ളോട്ടുകൾ നിർമ്മിക്കേണ്ടത്.

ഫ്ളോട്ടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ മാലിന്യങ്ങളും നീക്കം ചെയ്തിരിക്കണം.

അഭിരുചി പരിശോധിക്കുന്ന അഭിമുഖം, ആശയ അവതരണം എന്നിവ പരിശോധിച്ച ശേഷം ഷോർട്ട് ലിസ്റ്റ് ചെയ്യുന്നവരിൽ നിന്ന് കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുന്നതായിരിക്കും.
ആഗസ്റ്റ് 18 നകം 3D മോഡൽ സമർഷിച്ച് അംഗീകാരം വാങ്ങണം

നിർമ്മാണ പ്രവൃത്തികൾ ആഗസ്റ്റ് 28 നകം പൂർത്തിയാക്കണം.

കൃത്യ സമയത്ത് പ്രവൃത്തി തുടങ്ങാതിരിക്കുകയോ നിശ്ചിത സമയത്ത് പൂർത്തിയാക്കാതിരിക്കുകയോ അംഗീകരിച്ച ഡിസൈനിലും 3D മോഡലിലും നിന്ന് ഫ്ലോട്ടിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അനുമതിയില്ലാതെ മാറ്റം വരുത്തുകയോ വകുപ്പിന് ഹിതകരമല്ലാത്ത മറ്റ് പ്രവൃത്തികൾ മൂലമോ നിബന്ധനകളുടെ ലംഘനം മൂലമോ വർക്ക് ഓർഡർ നിരുപാധികം ക്യാൻസൽ ചെയ്യാൻ ഫ്ളോട്ട് ടെക്നിക്കൽ കമ്മറ്റിക്ക്/ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കും.

വിശ്വസ്തതയോടെ,

ഡയറക്ടർ

പകർപ്പ്:നോട്ടീസ് ബോർഡ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
എസ്റ്റേറ്റ് ഓഫീസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്

ക്വട്ടേഷനുകൾ ലഭ്യമാക്കേണ്ട വിലാസം - ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ, വനം വകുപ്പാസ്ഥാനം, വഴുതക്കാട്, തിരുവനന്തപുരം-695014, ഫോൺ: 0471-2529145